# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 198    10.06.2013-ൽ മറുപടി

### വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം രൂപവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) 21.12.2012-ലെ സ.ഉ. (കൈയ്യെഴുത്ത്) 328/12/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം വനിതാ ഇൻവെസ്റ്റിഗേഷൻ ടീം (Women Investigation Team- WIT) രൂപീകരിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ് ; | (ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പെൺവാണിഭം, ബലാത്സംഗം മുതലായ കുറ്റകൃത്യങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ സർക്കാരോ, സംസ്ഥാന പോലീസ് മേധാവിയോ ഏൽപ്പിക്കുന്ന കേസുകളുടെ അന്വേഷണവും തുടർ നടപടികളും ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ നടപ്പാക്കുക എന്നതാണ് വനിതാ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഉദ്ദേശ്യ ലക്ഷ്യം.<br><br>വളരെ പ്രമാദവും സംസ്ഥാന സർക്കാരോ പോലീസ് മേധാവിയോ ഏൽപ്പിക്കുന്നതുമായ കേസുകൾ മാത്രമാണ് ഈ ടീം നേരിട്ട് അന്വേഷിക്കുന്നത്. ഇങ്ങനെ കേസ് അന്വേഷിക്കേണ്ടിവരുമ്പോൾ ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ടീം മേധാവിയുടെ ആവശ്യ പ്രകാരം ലഭ്യമാക്കുന്നതാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള പെൺവാണിഭം, ബലാത്സംഗം മുതലായ കുറ്റകൃത്യങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ അന്വേഷണവും തുടർ നടപടികളും ഫലപ്രദമായി നടത്തുന്നുണ്ടോ എന്ന് ഈ ടീം അവലോകനം നടത്തി വരുന്നു. ഇത്തരം കേസുകളിൽ കേസന്വേഷണം ത്വരിതഗതിയിലും ഫലപ്രദവുമാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു. ഈ ടീമിന് ആവശ്യമായ എല്ലാ സഹായങ്ങളും വനിതാ സെൽ എസ്. പി. നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി എന്തെല്ലാം വിഷയങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന പെൺ വാണിഭം, ബലാത്സംഗം മുതലായ കേസുകളിന്മേൽ അന്വേഷണം ഫലപ്രദവും, കാര്യക്ഷമവുമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക, സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ ഏൽപ്പിക്കുന്ന ഇത്തരത്തിലുള്ള കേസുകൾ നേരിട്ട് അന്വേഷിക്കുക എന്നിവയാണ് വനിതാ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ചുമതലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ